Mr. V. J. Mathai *(Planters)*: If we raise this question on the floor of this House Cochinites will be suffering elsewhere.

WATCHMAN—M. L. C. QUARTERS, TRICHUR GUEST HOUSE, ETC.—PARTICULARS OF PAY AND ALLOWANCES

5. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ എഴുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് ദയവായി മറുപടി പറയുമൊ.—

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസിലെ വാച്ചുമാൻ ആരാണു്; എത്രകൊല്ലമായി അദ്ദേഹം പ്രസ്തുത ഗസ്റ്റ്ഹൌസിൽ വാച്ചുമാൻ ആയിട്ടു്; അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ശമ്പളം എന്താണു്;

(ബി) എറണാകുളം എം. എൽ. സി. കാര്യാട്ടേഴ്സിലെ വാച്ചുമാൻ ആരാണു്; എത്രകൊല്ലമായി അദ്ദേഹം എം. എൽ. സി. കാര്യാട്ടേഴ്സിൽ വാച്ചുമാൻ ആയിട്ടു്; അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ശമ്പളം എന്താണു്?

മിസ്റ്റർ വി. കെ അരവിന്ദാക്ഷമേനോൻ:

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസിൽ വാച്ചുമാൻ ഇല്ല. അവിടെ ഒരു Maity മാത്രമെയുള്ളൂ. ഇപ്പോഴത്തെ Maity പി. മാധവൻനായർ എന്ന ആളാണു്. ൧൫ കൊല്ലം. ഇപ്പോഴത്തെ ശമ്പളം ൧൫ ക. യാണു്.

(ബി) എറണാകുളം എം. എൽ. സി. കാര്യാട്ടേഴ്സിലെ വാച്ചുമാൻ എം. ഗോവിന്ദമേനോൻ എന്ന ആളാണു്; മൂന്നു കൊല്ലം; ഇപ്പോഴത്തെ ശമ്പളം പത്തുറുപ്പികയാണു് (൧൦ ക.)

6. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് ദയവായി മറുപടി പറയുമൊ.—

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസ്, എറണാകുളം ട്രാവലേഴ്സ് ബംഗ്ലാവ്, എം. എൽ. സി. കാര്യാട്ടേഴ്സ് എന്നീ സ്ഥാപനങ്ങളിലെ സപ്ലിപ്പർമാർക്കു പ്രതിമാസം ശമ്പളം എന്തു്;

(ബി) ക്ഷാമബത്ത ഇവർക്കു കൊടുത്തുവരുന്നുണ്ടൊ; ഉണ്ടെങ്കിൽ എന്തുവീതം;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസിലെ സപ്ലിപ്പർക്കു പ്രതിമാസം ൪ ക. യും എറണാകുളം ട്രാവലേഴ്സ് ബംഗ്ലാവിലേയും എം. എൽ. സി. കാര്യാട്ടേഴ്സിലേയും സപ്ലിപ്പർമാർക്കു പ്രതിമാസം ൫ ക. വീതവും ശമ്പളം ഉണ്ടു്.

(ബി) ഇല്ല.

(സി) ഇവരെ മുഴുവൻ സമയം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരായി പരിഗണിച്ചിട്ടില്ല.

HONORARY SYSTEM—MEDICAL DEPARTMENT

7. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇവിടത്തെ വൈദ്യവകുപ്പിൽ ഡോക്ടർമാരെ സംബന്ധിച്ചിടത്തോളമുള്ള ഓണറിസമ്പ്രദായം നടപ്പിലാക്കിയതു് ഏതു കൊല്ലത്തിൽ;

(ബി) അത്തരക്കാരായ എത്രപേരെ അക്കൊല്ലത്തിൽ നിയമിച്ചു;

(സി) ഇന്നു് അവരുടെ എണ്ണമെത്ര;

(ഡി) ഓണററി സമ്പ്രദായം നടപ്പിലാക്കിയ ശേഷം ഇന്നുവരെയായി എത്രപേർ സർവ്വീസിൽനിന്നും പെൻഷൻ പറ്റി പിരിഞ്ഞിട്ടുണ്ടു്;

(ഇ) ഓണററി ഡോക്ടർമാരിൽ എത്രപേരെ ഇതിനകം ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരായി സ്വീകരിച്ചിട്ടുണ്ടു്;

(എഫ്) ഓണററിസമ്പ്രദായം നടപ്പിലാക്കിയ മൂലം പ്രതിവർഷം എത്ര ഉറുപ്പിക വീതം ഗവമ്മെണ്ടിനു ലാഭമുണ്ടാകുന്നുണ്ടു്?

ഡോക്ടർ ടി. വർഗ്ഗീസ്സ്":

(എ) ൧൯൦൭-ൽ.

LIBRARY ARCHIVES Kerala Legislative Assembly